**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3028** **28-02-2023 - ൽ മറുപടിയ്ക്ക്**

**കേരളാ സാംസ്കാരിക യൂണിവേഴ്സിറ്റി സ്ഥാപിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ്,<br>ശ്രീ പ്രമോദ് നാരായൺ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ. ജോബ് മൈക്കിൾ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേരള കലാമണ്ഡലം കൽപിത സർവകലാശാല മുഖേന ഫോക് പഠനത്തിന് കോഴ്സുകൾ നടത്തുന്നുണ്ടോ അറിയിക്കാമോ; ഇപ്പോൾ ഏതൊക്കെ വിഷയങ്ങളിലാണ് കോഴ്സുകൾ നടത്തുന്നതെന്ന് അറിയിക്കാമോ; | (എ) | കേരള കലാമണ്ഡലം കൽപിത സർവകലാശാലയിൽ ഫോക് പഠനത്തിന് കോഴ്സുകൾ നടത്തുന്നില്ല. കഥകളി വേഷം (വടക്കൻ), കഥകളി വേഷം (തെക്കൻ), കഥകളി ചെണ്ട, കഥകളി മദ്ദളം, കഥകളി സംഗീതം, കൂടിയാട്ടം (സ്ത്രീവേഷം), കൂടിയാട്ടം (പുരുഷവേഷം), തുള്ളൽ, മോഹിനിയാട്ടം, കഥകളി ചുട്ടി, പഞ്ചവാദ്യം, കർണ്ണാടക സംഗീതം, മിഴാവ്, മൃദംഗം എന്നീ വിഷയങ്ങളിലാണ് ഇപ്പോൾ കോഴ്സുകൾ നടത്തുന്നത്. |
| (ബി) | ക്ലാസിക്കൽ വിഷയങ്ങളിൽ മാത്രമാണ് കലാമണ്ഡലത്തിൽ കോഴ്സുകൾ നടത്തിവരുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ക്ലാസിക്കൽ കലാരൂപങ്ങളിലാണ് കേരള കലാമണ്ഡലത്തിൽ കോഴ്സുകൾ നടത്തുന്നത്. |
| (സി) | നാടൻകലകൾ കോഴ്സായി പഠിപ്പിക്കുന്ന ഏതൊക്കെ സ്ഥാപനങ്ങളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ; | (സി) | ഫോക് ലോർ അക്കാദമിയുടെ സബ് സെന്ററുകളിൽ നാടൻ കലകൾ അഭ്യസിപ്പിക്കുന്നുണ്ട്. ഗുരുകുല സമ്പ്രദായം അവലംബിച്ച് പരിശീലനം നൽകുന്നതിനൊപ്പം 300കുട്ടികൾക്ക് സ്റ്റൈപ്പന്റും നൽകുന്നുണ്ട്. |
| (ഡി) | നാടൻകലകളുടെ പ്രോത്സാഹനത്തിനായി രൂപീകരിച്ച് പ്രവർത്തിക്കുന്ന കേരളാ ഫോക് ലോർ അക്കാദമിയെ നാടൻ കലയിൽ സർട്ടിഫിക്കറ്റ് കോഴ്സുകൾ നടത്താൻ സാധിക്കുന്ന വിധത്തിൽ കേരളാ സാംസ്കാരിക യൂണിവേഴ്സിറ്റിയായി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | ഇക്കാര്യം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ